## കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ്- വിദ്യാഭ്യാസ പാക്കേജ്-റിസോഴ്സ് അദ്ധ്യാപകർക്ക് പകരമുണ്ടാവുന്ന ഒഴിവുകളിൽ സംരക്ഷിത അദ്ധ്യാപകരുടെ നിയമനം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്**

**ജി.ഒ (പി) നം. 354/12/പൊ.വി.വ.** **തിരുവനന്തപുരം, തീയതി, 30.10.2012.**

---

പരാമർശം:- സ.ഉ. (പി) നം. 199/11/പൊ.വി.വ. തീയതി, 01.10.11.

## ഉത്തരവ്

പരാമർശം ഒന്നിലെ വിദ്യാഭ്യാസ പാക്കേജിലെ നിർദ്ദേശാനുസരണം സർക്കാർ സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന പ്രൊട്ടക്ടഡ് അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിലേയ്ക്ക് വിന്യസിക്കുവാൻ നിർദ്ദേശിച്ചിരുന്നു. പി.എസ്.സി മുഖാന്തിരം നിയമനം ലഭിക്കുന്ന അദ്ധ്യാപകർ ബന്ധപ്പെട്ട സ്കൂളുകളിൽ പ്രവേശിക്കുന്ന മുറയ്ക്ക് അവിടെ ജോലി ചെയ്യുന്ന പ്രൊട്ടക്ടഡ് അദ്ധ്യാപകരെ ബാങ്കിലേയ്ക്ക് മാറ്റേണ്ടതാണ്. വിദ്യാഭ്യാസ പാക്കേജിൽ എല്ലാ അദ്ധ്യാപകർക്കും ഘട്ടം ഘട്ടമായി ട്രെയിനിംഗ് നൽകുവാൻ **നിർദ്ദേശിച്ചിരുന്നു. അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള പരിശീലനം 800 ഓളം** അദ്ധ്യാപകർക്ക് ഇതിനകം തന്നെ നൽകിക്കഴിഞ്ഞു. ഇത്തരം അദ്ധ്യാപകരെ ബി.ആർ.സി-യിലേയ്ക്ക് മാറ്റുമ്പോൾ ബന്ധപ്പെട്ട സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ കഴിയുന്നിടത്തോളം സർക്കാർ സ്കൂളുകളിൽ നിന്നും മടങ്ങി വരുന്ന പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കേണ്ടതാണ്. നിയമനം കഴിയുന്നിടത്തോളം അവരവരുടെ ജില്ലകളിൽ തന്നെ നൽകേണ്ടതാണ്. പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രം അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ആർ. മധുസൂദനൻ നായർ**
അഡീഷണൽ സെക്രട്ടറി.

To

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
} പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ഐ.ടി.@സ്കൂൾ, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ